**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 179** **13-09-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന അബ്കാരി നയം 2023**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന അബ്കാരി നയം 2023-ന് അംഗീകാരം നൽകിയിട്ടുണ്ടോ; അബ്കാരി നയത്തിന്റെ ഭാഗമായി കള്ളിനെ പ്രകൃതിജന്യവും പരമ്പരാഗതവുമായ തനത് ലഹരി പാനീയമായി അവതരിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാന സർക്കാരിന്റെ 2023-24 വർഷത്തെ മദ്യനയം 27.07.2023 തീയതിയിലെ സ.ഉ (കൈ) നം. 79/2023/നികുതി നമ്പർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. കള്ളിനെ കേരളത്തിന്റെ പ്രകൃതിജന്യവും പരമ്പരാഗതവുമായ തനത് ലഹരി പാനീയമായി അവതരിപ്പിച്ചാൽ അത് വിനോദ സഞ്ചാരികൾക്കിടയിൽ വലിയ സ്വീകാര്യത ലഭിക്കുന്നതിന് ഇടയാക്കുമെന്നും, അതിലൂടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ തൊഴിൽ അവസരങ്ങൾ സംരക്ഷിക്കുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകരമാകുമെന്നും കരുതുന്നു. |
| (ബി) | കേരളത്തിന്റെ തനത് ഭക്ഷണവും ശുദ്ധമായ കള്ളും കള്ളുഷാപ്പുകളിൽ ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശുദ്ധമായ കള്ള് കള്ളുഷാപ്പുകളിൽ കൂടി വിതരണം ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ആവശ്യമായ ലൈസൻസുകൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും സമ്പാദിച്ച് കള്ളുഷാപ്പുകളിൽ ഭക്ഷണം വിതരണം ചെയ്യുവാനായി, കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (സി) | അബ്കാരി നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ലഭ്യമാകുന്ന പഴവർഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം, വൈൻ എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനാവശ്യമായ നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് ലഭ്യമാകുന്ന പഴവർഗ്ഗങ്ങളിൽ നിന്നും വൈൻ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവാകുകയും, അത് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ധാന്യങ്ങളൊഴികെയുള്ള കാർഷിക ഉല്പന്നങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | സംസ്ഥാനത്ത് സ്പിരിറ്റ് ഉല്പാദിപ്പിക്കാനുള്ള പുതിയ | (ഡി) | സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 2023-24 |

| | | | |
|---|---|---|---|
| | മദ്യനയത്തിലെ തീരുമാനം കാർഷിക-ആരോഗ്യ-വ്യവസായ മേഖലകളിൽ വൻ നിക്ഷേപത്തിനും കുതിപ്പിനും അവസരം ഒരുക്കുമോ; വിശദമാക്കാമോ; | | വർഷത്തെ മദ്യനയത്തിൽ, സംസ്ഥാനത്ത് മദ്യ ഉത്പാദനത്തിന് ആവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ (ENA) കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയത് കാർഷിക – വ്യവസായ മേഖലകളുടെ വളർച്ചയ്ക്കും, ടി മേഖലകളിലെ നിക്ഷേപം വർദ്ധിക്കുന്നതിനും ഇടയാക്കുന്നതാണ്. ENA കേരളത്തിൽ കൂടുതലായി ഉത്പാദിപ്പിക്കുന്നത് കർഷകരുടെ ഉന്നമനത്തിനും, ENA യുടെ ഉത്പാദനവുമായി ബന്ധപ്പെട്ട് വ്യവസായം തുടങ്ങുന്ന പക്ഷം ആയത് നിക്ഷേപം ആകർഷിക്കുന്നതിനും ഇടയാക്കും. |
| (ഇ) | സംസ്ഥാനത്ത് എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ ഉല്പാദിപ്പിക്കുന്നതോടെ ഗുണനിലവാരം ഉറപ്പാക്കിയുള്ള മദ്യകയറ്റുമതി സാദ്ധ്യമാകുമോയെന്നും നേരിട്ടും പരോക്ഷവുമായി ഒരു ലക്ഷത്തോളം പേർക്ക് തൊഴിൽ ലഭിക്കുവാൻ ഇത് സഹായകമാകുമോയെന്നും വിശദമാക്കുമോ? | (ഇ) | സംസ്ഥാനത്ത് എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ ഉല്പാദിപ്പിക്കുന്നതോടെ ഗുണനിലവാരം ഉറപ്പാക്കി മദ്യം മറ്റുസംസ്ഥാനങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിന് സാദ്ധ്യമാകുന്നതാണ്. കൂടാതെ അത് ഈ മേഖലയിൽ കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുവാൻ സഹായകരവുമാണ്. |

സെക്ഷൻ ഓഫീസർ